# മൊട്ടത്തി

ഐസക് ഈപ്പൻ



മൊട്ടത്തി

ഐെസക് ഈപ്പൻ

(മലയാളം: കഥ)

© 2020 Author

Published by Author.

First published in 2020.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Postpartum Depression Venus, a representation of the loss and emptiness felt after childbirth that makes some women feel as if they are useless by Daniel Lobo. The image is taken from Wikimedia Commons and is gratefully acknowledged.

# മൊട്ടത്തി

അപ്പേട്ടന്റെ പീടിക ചിരപുരാതനമായൊരു അടയാളമായിരുന്നു. തിരുനെല്ലി കാട്ടുകളിൽ ചേക്കേറി പടർന്നുകിടന്ന മഞ്ഞു പാളികളിലൂടെ, വഴിയോരത്ത് മുഴച്ചു നിൽക്കുന്ന പാറക്കൂട്ടങ്ങളിൽ പ്രതീക്ഷയോടെ സന്ദർശകരെ നോക്കി നിൽക്കുന്ന വാനരന്മാരോട് സ്നേഹാർദ്രമായി ചിരിച്ച് നാം എത്തിചേരേണ്ട ഒരു ഇടമാണ് അപ്പേട്ടന്റെ പീടിക. അവിടെ നിന്നാണ്, അപ്പേട്ടൻ കാണിച്ചുതരുന്ന വഴിയിലൂടെ മൊട്ടത്തിയുടെ വീട്ടിലെത്തേണ്ടത്.

വെറും പന്ത്രണ്ടോ, പതിമൂന്നോ വയസ് മാത്രം പ്രായമുണ്ടായിരുന്ന മൊട്ടത്തി എന്നു വിളിപേരുള്ള ഒരാദിവാസികുട്ടി മരിച്ചെന്നും, മരിക്കുമ്പോൾ അവൾക്ക് നാലു മാസം വയറ്റിലുണ്ടായിരുന്നെന്നും, താലൂക്ക് ആശുപത്രിയിലെ ഡോക്ടർ സുഹൃത്തായ ഡേവിസാണ് പറഞ്ഞത്.

ഡോ. ഡേവിസ് പറഞ്ഞ പേരും, ആൾരൂപവും എല്ലാം വെച്ചുനോക്കുമ്പോൾ അപ്പപ്പാറ ആദിവാസി കോളനിയിൽ നിന്ന് തിരുനെല്ലി ഏകാദ്ധ്യാപക വിദ്യാലയത്തിലേക്ക് വല്ലപ്പോഴും വന്നു കൊണ്ടിരുന്ന അവൾ തന്നെയാണത്, മൊട്ടത്തി.

അപ്പപ്പാറയിലെ ആദിവാസികൾക്കായി സർക്കാർ നടത്തുന്ന ഏകാദ്ധ്യാപക വിദ്യാലയത്തിലെ പന്ത്രണ്ട് കുട്ടികളിൽ ഒരുവളായിരുന്നു, അവൾ. അവിടുത്തെ ഒരേയൊരു അദ്ധ്യാപകൻ എന്ന നിലയിൽ മുൻപ് അവളുടെ വീട്ടിലെ ചില പ്രശ്നങ്ങളിൽ എനിക്കു ഇടപെടേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ട് ആ വീടിനെക്കുറിച്ച് ഒരു ഏകദേശ ധാരണ എനിക്കുണ്ട്.

നല്ല ഒന്നാന്തരം വാറ്റുകാരായിരുന്നു മൊട്ടത്തിയുടെ അച്ഛൻ രഘുരാമനും, അമ്മ ലീലയും. അവർ ഒരുമിച്ചു വീട്ടുനുള്ളിൽ വെച്ച് വാറ്റി കുടിച്ചുണ്ടാക്കുന്ന പുകിലുകളായിരുന്നു മുഖ്യവിഷയം. അടികലശൽ പതിവായിരുന്നെങ്കിലും, ഒരിക്കൽ കോട കലക്കിവെച്ചിരുന്ന മൺകലം രഘുരാമൻ തൊഴിച്ചുതകർത്തതിന്റെ ഖേദത്തിൽ ലീല, വാറ്റുപ്പിൽ നിന്ന് ഊരിയെടുത്ത കാട്ടു വിറകുകൊണ്ട് രഘുരാമന്റെ തല പിളർന്നു.

രണ്ടുപേരും താലൂക്ക് ആശുപത്രിയിലെ വരാന്തയിലായതോടെ മൊട്ടത്തി സ്കൂളിൽ വരാതായി. മൊട്ടത്തിയുടെ താഴെ പല പ്രായങ്ങളിലായി മൂന്നു പേരുകൂടി ഉണ്ടായിരുന്നതിനാൽ, അച്ഛനോ, അമ്മയോ ദീർഘനാൾ ഇല്ലാതാവുമ്പോൾ മൊട്ടത്തിയുടെ ഉത്തരവാദിത്വം കൂടി.

പക്ഷേ സ്കൂളിൽ വരുന്ന ദിനങ്ങളിൽ അവൾ കണക്കും, മലയാളവും നന്നായി പഠിച്ചു. ഊരിൽനിന്ന് നാലു കിലോമീറ്റർ നടന്ന്, ആനയും, കരടിയുമുള്ള കാട്ടിനുള്ളിലൂടെ, അപ്പേട്ടന്റെ പീടികതാണ്ടി വേണമായിരുന്നു, അവൾക്ക് വിദ്യാലയത്തിൽ എത്താൻ.

ആ മൊട്ടത്തിയാണ്, ഇപ്പോൾ മരിച്ചുവെന്ന് ഡോ. ഡേവിസ് പറയുന്നത്. അതും നാലുമാസം ഗർഭം ധരിച്ച അവസ്ഥയിൽ. അതേസമയം അത് അവൾതന്നെയാണോ എന്ന് ഉറപ്പുമില്ല. അങ്ങനെയാണ്, തിരുനെല്ലിക്കാരനായ എന്റെ ചങ്ങാതിയും, സാമൂഹ്യ പ്രവർത്തകനുമായ സോമനുമൊന്നിച്ച് അപ്പപ്പാറയിലേക്ക് ഒരു യാത്ര സംഘടിപ്പിച്ചത്.

ഒരു പഴയ ഫോർ ഫിഫ്റ്റി ജീപ്പിലായിരുന്നു ഞങ്ങളുടെ യാത്ര. കാട്ടിലേക്കുള്ള ഏതു യാത്രയിലും വയനാട് എത്തിയ കാലം മുതൽ ഞാൻ സോമനെയാണ് കൂടെ കൂട്ടാറുള്ളത്. അയാളെ പോലെ വയനാടിന്റെ ഹൃദയമിടിപ്പുകൾ അറിയുന്നവർ ചുരുക്കമാണ്.

കാട്ടുപാതയിലൂടെ പായുമ്പോൾ, ആനയോ, പന്നിയോ, പുലിയോ, ആറേഴ് മൈൽ അപ്പുറത്താണെങ്കിലും സോമൻ അതു മണത്തറിയും. മൃഗ സാന്നിദ്ധ്യത്തിൽ വായുവിലുണ്ടാകുന്ന ചൂരിലേക്ക് മൂക്കു വിടർത്തി അവൻ ദിക്കും ഉണ്മവും പറയും. പ്രകൃതിയോട് ചേർന്ന് നടക്കുന്ന ഒരുവന് പ്രകൃതി അതിന്റെ ആറാം ഇന്ദ്രിയം തുറന്നു കൊടുക്കുന്നു.

എന്നാലും സായാഹ്നങ്ങളിൽ ഒരല്പം വാറ്റ്, കപ്പയുടെയും കാന്താരിയുടെയും സാന്നിദ്ധ്യത്തിൽ അകത്താക്കുന്ന സോമൻ പിന്നീട് ആദിവാസി ജീവിതത്തിന്റെ

പിന്നാമ്പുറങ്ങൾ പറയാൻ തുടങ്ങും. ബാറുപൂട്ടിയത് സോമനെ ബാധിച്ചതേയില്ല. എന്തെന്നാൽ സോമന് പ്രിയം എന്നും ആദിവാസികുടിലുകൾ ഉല്പാദിപ്പിക്കുന്ന നല്ല ചൂടൻ ചാരായമായിരുന്നു.

“മാഷേ ഈ കയറ്റമിറങ്ങിയാൽ അപ്പേട്ടന്റെ പീടികയായി നിർത്തണോ...”

അതെന്തു ചോദ്യമാ സോമാ..... നിർത്തണ്ടേ- അപ്പേട്ടനിൽ നിന്നല്ലേ അപ്പപ്പാറയിലെ ജീവിതം തുടങ്ങുന്നതും അവസാനിക്കുന്നതും.

അങ്ങനെയൊക്കെ പറഞ്ഞാൽ അപ്പേട്ടൻ ചിരിക്കും. മുപ്പതുവർഷമായി അപ്പപ്പാറക്കാർക്ക് ഉണക്കമീൻ മുതൽ തെറുപ്പ ബീഡിവരെ എത്തിക്കുന്നയാളാണ് അപ്പേട്ടൻ.

ചാണകം മെഴുകിയ തറയിൽ പായവിരിച്ചോ, അല്ലെങ്കിൽ അടുത്ത ഒരു ബെഞ്ചിലേക്ക് ക്ഷണിച്ചോ അപ്പേട്ടൻ സന്ദർശകരോട് തന്റെ ആഥിത്യ മര്യാദ പ്രകടിപ്പിക്കും.

നല്ല വെളിച്ചണ്ണയിൽ മൂപ്പിച്ചെടുത്ത ഉണ്ണിയപ്പവും, കട്ടൻ ചായയും കഴിക്കാതെ അപ്പപ്പാറയിലെത്തുന്ന ആരേയും അപ്പേട്ടൻ വിടാറില്ല. വയനാട് വിട്ട് ചുരം ഇറങ്ങുമ്പോഴും അപ്പേട്ടന്റെ സ്നേഹം കോടമഞ്ഞുപോലെ നമ്മെ ചുറ്റി നിൽക്കും. അപരിചിതരായ രണ്ടുപേരെ കണ്ടതിനാലാവാം അപ്പേട്ടൻ, പെട്ടെന്ന് ബെഞ്ച് തുടച്ച് വൃത്തിയാക്കി ഹൃദ്യമായ ചിരിയോടെ ഇരിക്കാൻ ക്ഷണിച്ചു.

ആദിവാസി സ്കൂളിലെ അദ്ധ്യാപകൻ എന്ന നിലയിൽ എന്നെ അപ്പേട്ടന് നേരത്തെ പരിചയമുണ്ടായിരുന്നെങ്കിലും, പ്രായാധിക്യം

കാരണമാവാം, വീണ്ടും എനിക്കു പരിചയപ്പെട്ടുത്തേണ്ടി വന്നു.

അസ്ഥി നുറുങ്ങുന്ന തണുപ്പിലും, തിരുനെല്ലിവനത്തിലൂടെ ആഞ്ഞടിക്കുന്ന തണുത്ത കാറ്റിലും അപ്പേട്ടൻ കൂസലില്ലതെ ഒരു കൈലിമുണ്ടും, അരകൈയ്യൻ ബനിയനുമിട്ട്, ചിരിയോടെ നിന്നു.

ചൂടു കട്ടൻ ചായയിൽ വയനാടൻ ഇഞ്ചിയും ഏലക്കയും ചതച്ചിട്ട് അപ്പേട്ടൻ തന്ന പാനിയും അതീവ ഹൃദ്യമായി അനുഭവപ്പെട്ടു. അതിനിടയിലും നല്ല വാറ്റ് എവിടുണ്ടെന്ന് സോമൻ ആന്വേഷിച്ചെങ്കിലും അപ്പേട്ടൻ ആ ചോദ്യത്തെ വേണ്ടതുപോലെ ഗൗനിച്ചില്ല.

മൊട്ടത്തിയുടെ വീട് തേടി വന്നവരാണെന്നും, അവിടെ പോകാൻ താല്പര്യമുണ്ടെന്നും പറഞ്ഞപ്പോൾ അപ്പേട്ടൻ കരുണാർദ്രനായി.

“ആ കൊച്ചു മരിച്ചല്ലോ, അറിഞ്ഞില്ലോ”

“എങ്ങനാ മരിച്ചെ? അതറിഞ്ഞുവന്നതാ”

“അതൊന്നുമറിയില്ല എന്തോ അസുഖമായിരുന്നു” അപ്പേട്ടന്റെ ഉത്തരത്തിൽ നിസംഗതയായിരുന്നോ, നിരാശയായിരുന്നോ എന്ന് തിരിച്ചറിയാനായില്ല.

പതിമൂന്നുകാരിയായ മൊട്ടത്തി എന്ന കാടിന്റെ സുന്ദരി മരിക്കുമ്പോൾ ഗർഭിണിയായിരുന്നെന്നും, മരണകാരണം അകാലത്തിലെ കരുന്നു ഗർഭമാണെന്ന ഡോ. ഡേവിസ് പകർന്നു തന്ന അറിവ് അപ്പപ്പാറയോളം എത്തിയിട്ടില്ല എന്നുറപ്പ് - പക്ഷെ അറിഞ്ഞാലും ആരും അത് വിളിച്ചു പറയില്ല. അതാണ് വയനാടൻ ജീവിതത്തിന്റെ സൗമ്യത.

എന്നാലും ആരായിരിക്കാം ഈ ചെറിയ കുട്ടിയെ ഇങ്ങനെ നശിപ്പിച്ചത്? അത് അവളെ മരണത്തോളം എത്തിച്ചല്ലോ ദൈവമേ, എന്ന് മനംനൊന്താണ് ഞങ്ങൾ അപ്പേട്ടനോട് യാത്ര പറഞ്ഞത്.

നേരം ഉച്ച കഴിഞ്ഞിരുന്നു. അപ്പപ്പാറയിലേക്കുള്ള വഴികളിലെ മുളങ്കാടുകളിൽ സന്ധ്യ നേരത്തെ ചേക്കേറിയതുപോലെ. വാനരന്മാർ വലിയ ശബ്ദമുണ്ടാക്കി വനത്തിലൂടെ പായുന്നുണ്ട്.

കോളനിയിലേക്കുള്ള കയറ്റത്തിൽ സോമന്റെ പഴയ ജീപ്പ് ഒന്നു പതറിയിട്ട് കുതിച്ചു... മനസ്സിലേക്കു വീണ്ടും മൊട്ടത്തി കടന്നുവന്നു.

സാധാരണ അദിവാസി കുട്ടികളിൽ നിന്ന് വിത്യസ്തമായിരുന്നു അവൾ. പഠിപ്പിക്കുന്നതൊക്കെ പെട്ടെന്ന് ഉൾക്കൊള്ളാൻ അവൾക്ക് കഴിഞ്ഞിരുന്നു. മുടി രണ്ടായി മാടികെട്ടി വെച്ച്, പഴകി നിറം മങ്ങിയ ബ്ലൗസും, പാവാടയും അണിഞ്ഞ്, അവൾ സ്കൂളിലേക്ക് കയറിവരുന്നത് ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്. ശാരീരികമായ വലിയ വളർച്ച ഇല്ലാത്ത കുട്ടിയായിരുന്നു അവൾ. സ്കൂളിൽ നിന്നുള്ള ആഹാരം പ്രത്യേകം പാത്രത്തിൽ നിറച്ച് മൊട്ടത്തി പതിവായി വീട്ടിൽ കൊണ്ടുപോകും. താഴെയുള്ള മൂന്നു സഹോദരികൾ, ആ പാത്രത്തിനായി കാത്തിരിപ്പുണ്ടാവും എന്ന് ഒരിക്കൽ അവളുടെ വീട് സന്ദർശിച്ചിട്ടുള്ള എനിക്കറിയാം.

അച്ഛന്റെയും അമ്മയുടെയും നിസംഗജീവിതവും, മദ്യപാനവും ഈ കുട്ടിയുടെ ജീവിതത്തെ തകർക്കുമല്ലോ എന്ന് ഞാൻ ഭയപ്പെട്ടിരുന്നു. മൊട്ടത്തിയോട് എനിക്ക് വാൽസല്യം തോന്നാൻ പിന്നെയുമുണ്ടായിരുന്നു

കാരണങ്ങൾ. നിഷ്കളങ്കമായ അവളുടെ ചിരിയും, പൊതുവെ ആദിവാസി കുട്ടികളിൽ കാണുന്ന ഭയം നിറഞ്ഞ ഒരു തരം അധമബോധത്തിന്റെ അഭാവവും മൊട്ടത്തിയുടെ പ്രത്യേകതയായിരുന്നതാവാം കാരണം. അച്ഛന്റെ മദ്യപാന പൊല്ലാപ്പുകൾക്കിടയിലും അവൾ പ്രസരിപ്പോടെ ചിരിച്ചു.

എന്നിട്ടും എന്താണ് ഈശ്വരാ സംഭവിച്ചത് എന്ന ആകുലതയിലൂടെ ഞങ്ങൾ അപ്പപ്പാറ കോളനിയിലെത്തിച്ചേർന്നു.

ഡ്രൈവർ സീറ്റിൽ നിന്നിറങ്ങി, ശരീരം ഒന്ന് നീട്ടി നിവർത്തി സോമൻ ചുറ്റുപാടും നോക്കി. വഴി അറിയാവുന്നതുകൊണ്ട് ഞങ്ങൾ പെട്ടെന്ന് തന്നെ നടക്കാൻ തുടങ്ങി... കല്ലും, കട്ടയും പുല്ലും നിറഞ്ഞ ഒറ്റയടിപ്പാതയിലൂടെ ആറേഴ മിനിറ്റു നടന്നപ്പോൾ തന്നെ ഞങ്ങൾ മൊട്ടത്തിയുടെ വീട്ടിലെത്തി.

പുറത്താരേയും കണ്ടില്ല. കുടിലിന്റെ തെക്ക് ഭാഗത്തായി ഒരു മൺകുനയിൽ നാട്ടി നിർത്തിയ ചന്ദനത്തിരിയിലൂടെ ഒഴുകിയെത്തുന്ന ചെറിയ പുകച്ചുരുളുകൾ. കോളനിയിലെത്തിയ അപരിചിതരെ കണ്ടിട്ടാവാം അടുത്തടുത്ത കുടിലിലുള്ളവർ എത്തിനോക്കാൻ തുടങ്ങി.

തൊട്ടടുത്ത കുടിലിന്റെ ചളിനിറഞ്ഞ മുറ്റത്ത് ചമ്രം പടിഞ്ഞിരുന്ന് കളിക്കുന്ന നാലഞ്ചു കുട്ടികളുടെ കൂട്ടത്തിൽ മൊട്ടത്തിയുടെ ഇളയ സഹോദരിമാരും ഉണ്ടായിരുന്നു. അവർ എന്തോ കളിച്ച്, അതിന്റെ ആഹ്ലാദത്തിൽ നിഷ്കളങ്കമായി പൊട്ടിച്ചിരിക്കുന്നു. അടുത്തു ചെന്നപ്പോഴാണ് അവർ സ്കൂളാണ് കളിക്കുന്നത് എന്ന് തിരിച്ചറിഞ്ഞത്.

ഒരാൾ അദ്ധ്യാപകനും, മറ്റുള്ളവർ കുട്ടികളും; അദ്ധ്യാപകൻ പൂർണ്ണനഗ്നനായിരുന്നു... കൈയ്യിൽ നാലാം ക്ലാസ്സിലെ പാഠപുസ്തകം... മൊട്ടത്തി സ്കൂളിൽ കൊണ്ടുവന്നിരുന്നതാണ്. അതിന്റെ ആദ്യ പേജുകളിൽ ചിലത് ചളിയിൽ വീണു കിടപ്പുണ്ട്. വിദ്യാർത്ഥികളായിരിക്കുന്നവരുടെ കൈയ്യിൽ മൊട്ടത്തി ഉപയോഗിച്ചിരുന്ന പൊട്ടിയ സ്ലേറ്റും പെൻസിലും...

ഒരാദിവാസി ഏകാദ്ധ്യാപക സ്കൂൾ മൊട്ടത്തിയുടെ വീട്ടിൽ പുനഃസംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. കളിക്കാൻ അവർ സ്കൂൾ എന്ന ആശയം തിരഞ്ഞെടുത്തതിൽ ചെറിയ സന്തോഷം തോന്നിയെങ്കിലും, അവൾ മരിച്ചു കഴിഞ്ഞയുടൻ അവളുടെ പുസ്തകം ഇങ്ങനെ കളിവസ്തു ആക്കിയതിന്റെ വിഷാദവും ഒപ്പം ഉള്ളിലേക്ക് വീണു.

“എന്താ” എന്ന ചോദ്യം കേട്ടാണ്. തിരിഞ്ഞു നോക്കിയത്. മൊട്ടത്തിയുടെ അച്ഛനാണ് ഒരു കൈലി വാരിപുതച്ച്, മുടി പാറിപ്പറന്ന്... ഉറങ്ങി എഴുന്നേറ്റു വരുന്ന ആലസ്യത്തോടെ ഞങ്ങളെ നോക്കി.

ആ നേരത്തും അയാൾ നല്ല മദ്യത്തിലായിരുന്നു, എന്നുതോന്നി.

“ഞാൻ സ്കൂളീന്നാ, മൊട്ടത്തീന്റെ മാഷാ...”

“അവളു ചത്തുപോയല്ലോ. ഇന്നലെ കുഴിച്ചിട്ടു...”

“ഞങ്ങളറിഞ്ഞില്ല. ആരും പറഞ്ഞുമില്ല, ഇന്ന് ആശുപത്രിയിലെ ഡോക്ടറു പറഞ്ഞു അറിഞ്ഞതാ.”

“അറിഞ്ഞിട്ടെന്താ... ങ്ങള് ന്താ ചെയ്യും”

“അവള് നല്ല കുട്ടിയായിരുന്നു.”

“ഓള് നല്ലതോ ചീത്തയോ ആവട്ടെ-അതിനിപ്പന്താ.” സംഭാഷണം കേട്ടിട്ടായിരിക്കണം കുടിലിനകത്തു നിന്ന് മൊട്ടത്തിയുടെ അമ്മ ഇറങ്ങിവന്നു. അവർ കിടക്കുകയായിരുന്നു എന്നു തോന്നി. കഴുത്തിലൂടെ ചുറ്റി മാറുമറയ്ക്കുന്ന രീതിയിലായിരുന്നു അവർ സാരിയുടുത്തിരുന്നത്.

ഈ സംഭാഷണങ്ങളൊന്നും ശ്രദ്ധിക്കാതെ, അടുത്ത വീട്ടുമുറ്റത്തിരുന്ന കുട്ടികൾ മൊട്ടത്തിയുടെ പുസ്തകങ്ങൾ കൊണ്ട് സ്കൂൾ കളിച്ചുകൊണ്ടിരുന്നു.

“എങ്ങനെ മരിച്ചെ”? ഞാൻ മെല്ലെ ചോദിച്ചു.

“ആ, ആർക്കറിയാം, വയറുവേദനേന്നാ പറഞ്ഞു.”

അവർക്കതിൽ താല്പര്യമില്ലാത്ത പോലെ തോന്നി.

ഞാനും സോമനും കുറച്ചുകൂടി നീങ്ങിനിന്ന് തികഞ്ഞ സ്വകാര്യഭാവത്തോടെ അയാളോട് ചോദിച്ചു.

“അല്ല, മരിക്കുമ്പോ മൊട്ടത്തിയ്ക്ക് വയറ്റിലുണ്ടായിരുന്നെന്ന് കേട്ടല്ലോ”, എന്ന എന്റെ ചോദ്യം അയാൾ അവഗണിച്ചു.

പക്ഷെ പിറകിൽ നിന്ന അയാളുടെ ഭാര്യ ലീല ചെറുതായെങ്കിലും പ്രതികരിച്ചു.

“കാണും സാറെ, ഇയാ അങ്ങനത്തോരെ അല്ലെ ഇവിടെ കൊണ്ടുവന്നെ.”

അതോടെ രഘുരാമൻ അവരെ ചവിട്ടാനായി കാലുപൊക്കി. അവർ മാറി കളഞ്ഞെങ്കിലും പൊക്കിയ കാലുമായി പിടിച്ചുനിൽക്കാനാകാതെ അയാൾ വീഴാനൊരുങ്ങി. “എന്നാലും രഘുരാമാ, പറയ് ആരാ ആ കൊച്ചിനോട് ഈ കടുംകൈ ചെയ്തത്...”

“പറയില്ല സാറെ അയാക്ക് കള്ള് വാങ്ങി കൊടുക്കുന്നവനല്ലെ-” ലീല.

രഘുരാമൻ വീണ്ടും പ്രാഞ്ചി പ്രാഞ്ചി ലീലയെ പ്രഹരിക്കാനൊരുങ്ങി- ഞാൻ ആയാളെ വീണ്ടും നിർബന്ധിച്ചു- “നമുക്ക് ആരായാലും അവനെ കുടുക്കാം രഘുരാമാ. കേസെടുക്കാം...നീ ആരാന്ന് പറ...”

“എന്തിനാ -സാറെ - കേസെടുത്തിട്ട് എന്തിനാ ഇവിടെ ഈ മനുഷേോരുടെ ഓരോ കാര്യത്തിന് എത്തിറ കേസെടുത്തു. എന്നിട്ടോ. ങ്ങളെ പോലൊരാളാ -നാട്ടുകാരൻ അത്രേയുള്ളൂ.”

എന്റെയും രഘുരാമന്റെയും ഇടയിൽ അർത്ഥം നഷ്ടപ്പെട്ട ഒരു മൗനം ചേക്കേറി...

അപ്പോഴും മൊട്ടത്തിയുടെ താഴത്തുള്ള മൂന്നു പേരും സ്കൂൾ കളിക്കുകയായിരുന്നു. ഒരാൾ ചിരിച്ചും, ഒരാൾ മറ്റൊരാളെ പിടിച്ച് തള്ളിയും രസിച്ചു. ഇടയ്ക്ക് മൊട്ടത്തിയുടെ പുസ്തകത്തിന്റെ താളുകൾ പറിച്ചെടുത്തവർ ആകാശത്തേക്ക് പറത്തി. ജീവിതം ആഘോഷത്തോടെ അവരുടെ കണ്ണുകളിൽ തിളങ്ങുന്നത് ഞാൻ കണ്ടു. നമുക്ക് പോകാം മാഷെ എന്ന് സോമൻ പറഞ്ഞപ്പോൾ ഭൂമിക്കടിയിൽ നിന്ന് വിഷാദത്തോടെ മൊട്ടത്തി എത്തിനോക്കുന്നതായി എനിക്കു തോന്നി. കോടമഞ്ഞ് കയറി തുടങ്ങിയ മലകളിലേക്കും കത്തിതീർന്ന മൺകൂനയിലെ ചന്ദനത്തിരിയിലേക്കും ഞാൻ മാറിമാറി നോക്കി.

ഞങ്ങൾ തിരിഞ്ഞു നടന്നു. ഒരു കുപ്പി കള്ളിന്റെ ബലത്തിൽ മൊട്ടത്തിയെ പീഡിപ്പിച്ച ഏതോ നാട്ടുകാരൻ

അപ്പോഴും മറ്റൊരു കുപ്പിയുമായി ആ മലമടക്കിലെവിടെയോ കാത്തിരിക്കുന്നുവെന്ന് എനിക്കു തോന്നി.

നടക്കുമ്പോൾ മൊട്ടത്തിയുടെ ചിരി എന്റെ കാതിൽ അലയ്ക്കുന്നുണ്ടായിരുന്നു. നാട്ടു സംസ്കൃതിയെ, വിദ്യാഭ്യാസത്തെ, സ്നേഹത്തെ, കുടുംബത്തെ ഭേദിച്ചു വരുന്ന വന്യമായ ചിരി. ഒരു പെൺകുട്ടിയുടെ നിഷ്കളങ്കമായ ചിരി. പീഡിപ്പിക്കപ്പെട്ട ഒട്ടനവധി പെൺകുട്ടികളുടെ ആത്മാക്കൾ മലമടക്കുകളിൽ നിന്ന് ചിരിക്കുന്നതായി എനിക്കു തോന്നി.

"ഇതെല്ലാം ആരാ ചെയ്യുന്നെ മാഷെ..." സോമൻ ചോദിച്ചു.

ഉത്തരമില്ലാതെ ഞാൻ അവനെ നോക്കി പിന്നെ നിസംഗതയുടെ മഞ്ഞ് വാരിപുതച്ച് അപ്പപ്പാറയിലെ കോളനിയിൽ നിന്ന് ഭൂമിയിലേക്ക് ഇറങ്ങാൻ തുടങ്ങി.

⋆ ⋆ ⋆

## ഐസക് ഈപ്പൻ



മലയാളത്തിലെ അറിയപ്പെടുന്ന കഥാകൃത്തും പ്രഭാഷകനും. ജനനം ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ. എം.എ എം.ഫിൽ പഠനത്തിനു ശേഷം കോളേജ് അദ്ധ്യാപകനായി തുടക്കം. 1991ൽ ഇൻഡ്യൻ ഇൻഫർമേഷൻ സർവീസിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 21 പുസ്തകങ്ങൾ. അബുദാബി ശക്തി അവാർഡ്, എസ്.കെ. പൊറ്റെക്കാട് പുരസ്കാരം, തകഴി അവാർഡ്, യുവസാഹിത്യ പുരസ്കാരം, കൊച്ചുബാവാ പുരസ്കാരം, ബഷീർ പുരസ്കാരം തുടങ്ങി വിവിധ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

### പ്രധാനപ്പെട്ട കൃതികൾ

- സൗഹൃദത്തിന്റെ വെളിപ്പാടുകൾ
- നെഹ്റുവിന്റെ തീവണ്ടി
- അതെല്ലാം മറന്നേക്കു
- നഗരത്തിലെ കോമാളികൾ
- അഗ്നിയിൽ ഒരു നഗരം
- വാസ്കോഡ ഗാമ അഥവാ മൂസ അബ്ദുള്ള
- പരദേശി മോക്ഷയാത്ര
- കോളനി വാഴ്ച
- നഗരം റബേക്കയോട് പറഞ്ഞത്
- ഏഴാമത്തെ നില